**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *566 — 04-07-2019 -ൽ മറുപടിക്ക്

## ദുരന്തലഘൂകരണ പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. എസ്.രാജേന്ദ്രൻ**<br>**ശ്രീ. കെ.വി.വിജയദാസ്**<br>**ശ്രീ. ആന്റണി ജോൺ**<br>**ശ്രീ. ജോർജ് എം. തോമസ്** | | **ഇ.ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | കാലാവസ്ഥാ വ്യതിയാനത്തെ തുടർന്ന് സംസ്ഥാനത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന കനത്തമഴയും കഠിനമായ ചൂടും കടൽക്ഷോഭവും ശക്തമായ കാറ്റും ഇടിമിന്നലും വൻ അഗ്നിബാധയും കണക്കിലെടുത്ത്, ഓരോ സ്ഥലത്തിന്റെയും ഭൂപ്രകൃതിയനുസരിച്ച് ദുരന്ത സാധ്യതകൾ പ്രതിരോധിക്കുന്നതിന് അനുയോജ്യമായ നിർമ്മാണരീതികൾ സ്വീകരിക്കുന്നതിന് കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) | കേരളത്തിലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ (KMBR 99, KPBR 2011) ദുരന്ത സാധ്യതകൾ പ്രതിരോധിക്കുന്നതിനുള്ള ചട്ടങ്ങൾ ഭാഗികമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ സ്ഥലത്തിന്റേയും ഭൂപ്രകൃതി അനുസരിച്ച് ദുരന്ത സാധ്യതകൾ പ്രതിരോധിക്കുന്നതിന് ഉതകുന്ന രീതിയിൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി കൊണ്ടു വരുന്നതിനായി വിശദമായ പഠനം ആവശ്യമാണ്. അതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ. |
| ബി) | അടുത്ത സാമ്പത്തിക വർഷം മുതൽ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും ദുരന്തലഘൂകരണ പദ്ധതികൾ തയ്യാറാക്കുന്നതിനും അതിനാവശ്യമായ തുക തനതു ഫണ്ടിൽ നിന്നും വകയിരുത്തുന്നതിനും നിർദ്ദേശം നല്കുമോ; | ബി) | ദുരന്ത നിവാരണ നിയമത്തിന്റെ വെളിച്ചത്തിൽ തദ്ദേശ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തം ആണ് ദുരന്ത ലഘൂകരണത്തിന് ഫണ്ട് കണ്ടെത്തുക എന്നത്. ഇത് സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പരിഗണനയിലില്ല |
| സി) | സംസ്ഥാനത്ത് ശാസ്ത്രീയമായ വെള്ളപ്പൊക്ക മാനേജ്മെന്റ് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | സി) | ദുരന്ത നിവാരണ നിയമം, വകുപ്പ് തല ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കുവാൻ ആണ് നിർദ്ദേശിച്ചിരിക്കുന്നത്. വെള്ളപ്പൊക്കം സംബന്ധിച്ച മാനേജ്മെന്റ് പ്ലാൻ പ്രത്യേകമായി തയ്യാറാക്കുവാൻ നിയമം സംസ്ഥാന ദുരന്ത നിവാരണ |

| | | | |
|---|---|---|---|
| | | | അതോറിറ്റിയോട് നിർദ്ദേശിക്കുന്നില്ല. പ്രളയ സാധ്യതകൾ പരിഗണിച്ച് സംസ്ഥാനത്ത് പ്രളയ മുന്നൊരുക്ക, പ്രതിരോധ പദ്ധതികൾ തയ്യാറാക്കി നൽകേണ്ട ചുമതല ദുരന്ത ലഘൂകരണ പദ്ധതി 2016 പ്രകാരം ജല സേചന വകുപ്പിന് ആണ്. ജലസേചന വകുപ്പിനു കീഴിലുള്ള 14 ഡാമുകൾക്ക് കേന്ദ്ര ജല കമ്മീഷൻ Inundation Map തയ്യാറാക്കി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇതിൽ 4 എണ്ണത്തിന്റെ Emergency Action Plan കേന്ദ്ര ജല കമ്മീഷന് സമർപ്പിച്ചു. 4 എണ്ണം പൂർത്തിയാക്കി സമർപ്പിക്കുന്നതിന് നടപടി എടുത്തു. 6 എണ്ണം അന്തിമ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ